വരുന്നു. കാരണം ആവശ്യമായ കെട്ടിടങ്ങളും ബെഡ്ഡുമില്ല. വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ അതിനാവശ്യമായ സംവിധാനമുണ്ടാകണം. പലപ്പോഴും അനുവദിക്കപ്പെട്ട കിടക്കകളെക്കാൾ കൂടുതൽ രോഗികൾ കൂടുതൽ വരുന്നുവെന്നുള്ളതാണ് പ്രശ്നം. അത് നിയന്ത്രിക്കാൻ കഴിയുകയില്ല. കാരണം, അവരെ അസൗകര്യം പറഞ്ഞ് പുറത്തേയ്ക്കയ്ക്കാൻ കഴിയുകയില്ല. സ്വകാര്യമേഖലയിൽ പോയാലുള്ള ചെലവിന്റെ സ്ഥിതിയറിയാം. അതു കൊണ്ട് കഴിയുന്നത്ര അവിടെ സംവിധാനങ്ങളുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഉള്ള സൗകര്യങ്ങൾ വച്ച് പരമാവധി പ്രവർത്തിക്കാൻ ശ്രമിക്കുന്നുണ്ട്.

മി. സ്പീക്കർ : ജില്ലാ ആശുപത്രികൾക്ക് പ്രത്യേക പരിഗണനയില്ലേ?

ശ്രീ. എ.സി. ഷൺമുഖദാസ് : അതിന്റെ പരിഗണന ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ്. ഡിപ്പാർട്ട്മെന്റിൽ എന്നും കിട്ടുന്ന ബഡ്ജറ്റ് തുകയിൽ നിന്നാണല്ലോ ഇത്തരം കാര്യങ്ങൾക്ക് തുക കൊടുക്കുന്നത്. നിയമസഭ പാസ്സാക്കിയ ആക്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിനു വിട്ടുകൊടുത്തുകൊണ്ടുള്ള ഉത്തരവ് മിനിഞ്ഞാന്നാണ് പുറപ്പെടുവിച്ചത്. നാലുകോടി രൂപ ജില്ലാ ആശുപത്രികൾക്ക് മാത്രമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറ്റി വച്ചിട്ടുണ്ട്. അത് ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുവച്ചുകൊണ്ട് ഇപ്പോഴത്തെ സ്ഥിതി കുറെ മെച്ചപ്പെടുത്താൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : പണം ആരാണ് ലഭ്യമാക്കേണ്ടത്?

ശ്രീ. എ.സി. ഷൺമുഖദാസ് : അതിന് ഞങ്ങൾ ശ്രമിക്കുകയാണ്. ഇതൊന്നും പുതിയ പ്രശ്നമല്ല. 25 വർഷമായി കെട്ടിടത്തിന്റെ പണി തുടങ്ങിയില്ല. ഇപ്പോൾ തുടങ്ങി.

(14) കേരള മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് നടത്തുന്ന ധർണ്ണ

ശ്രീ. എം. മുരളി : സർ, തോട്ടികളുടെ കഥ പറഞ്ഞ തകഴി കഥാവശേഷനായിയെങ്കിലും തോട്ടിപ്പണി നമ്മുടെ രാജ്യത്ത് നിരോധിച്ചുവെങ്കിലും എല്ലാ അർത്ഥത്തിലും ആധുനിക തോട്ടികളായ നഗരങ്ങളിലെ കണ്ടിൻജന്റ് ജീവനക്കാർ ഇന്ന് പരിതാപാവസ്ഥയിലാണ്. അവരുടെ പ്രസ്ഥാനമായ കേരളാ മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് കോൺഗ്രസ് ജീവൻപ്രധാനമായ ആവശ്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും സത്യാഗ്രഹവും നടത്തുകയാണ്. അവർ നിരവധി ആവശ്യങ്ങൾ ഗവണ്മെന്റിന്റെ മുമ്പിൽ സമർപ്പിക്കുന്നുവെങ്കിലും പ്രധാനമായും രണ്ട് ആവശ്യങ്ങളാണ് ഗവണ്മെന്റിന്റെ മുമ്പിൽ ഉന്നയിക്കുന്നത്. 1999 മാർച്ചിൽ പരിഷ്കരിക്കേണ്ട അവരുടെ ശമ്പളം, പരിഷ്കരിക്കാൻ ഈ ഗവണ്മെന്റ് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മറ്റ് ഡിപ്പാർട്ടുമെന്റുകൾ അവിടെയുള്ള കണ്ടിൻജന്റ് ജീവനക്കാർക്ക് നൽകിയ ശമ്പള പരിഷ്കരണവും മറ്റാനുകൂല്യങ്ങളും കേരളത്തിലെ മുനിസിപ്പാലിറ്റികളിലും മൂന്നു കോർപ്പറേഷനുകളിലും പണിയെടുക്കുന്ന നൂറുകണക്കിന് വരുന്ന കണ്ടിൻജന്റ് തൊഴിലാളികൾക്ക് നിഷേധിച്ചിരിക്കുകയാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ നഗരങ്ങളിൽ പണിയെടുക്കുന്ന, മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന, ആധുനിക തോട്ടിപ്പണി ചെയ്യുന്ന, പാവപ്പെട്ട തൊഴിലാളികൾക്ക് അവർ ചെയ്യുന്ന പണിയുടെ പ്രത്യേകതകൊണ്ടുതന്നെ, നരകതുല്യമായ പണി ചെയ്യുന്ന, രോഗജന്യങ്ങളായ സാഹചര്യത്തിൽ പണി ചെയ്യുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടിൻജന്റ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം ഏർപ്പെടുത്തുന്നതിൽ ഈ ഗവണ്മെന്റ് കാണിക്കുന്ന അനാസ്ഥ വേദനാജനകമാണ്. മാർച്ചിൽ നടത്തേണ്ടിയിരുന്ന ശമ്പള പരിഷ്കരണത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഒരു വേജ് ബോർഡുണ്ടാക്കിയെന്ന് പറയുന്നു. അതിൽ ജീവനക്കാരുടെ പ്രതിനിധികൾ ഇല്ല. ജീവനക്കാരുമായി അടിയന്തിരമായി ചർച്ച ചെയ്തുകൊണ്ട് വേജ് ബോർഡ് എന്ന തടസ്സമില്ലാതാക്കാൻ അടിയന്തിരമായി മറ്റ് സർക്കാർ ജീവനക്കാർക്ക് നൽകുന്ന ശമ്പള പരിഷ്കരണമുൾപ്പെടെ കണ്ടിൻജന്റ് ജീവനക്കാർക്കും നൽകണം. സംഘടന ഉന്നയിക്കുന്ന ഒരാവശ്യം കൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. വർഷങ്ങളുടെ പഴക്കമുള്ള മുനിസിപ്പൽ മാനുവൽ പരിഷ്കരിച്ചുകൊണ്ട്, കണ്ടിൻജന്റ് ജീവനക്കാർക്ക് മറ്റ് സർക്കാർ കണ്ടിൻജന്റ് ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകാൻ അവരുടെ സർവീസ് റൂൾസ് പരിഷ്കരിക്കണമെന്ന ആവശ്യം കൂടി മുന്നോട്ടുവയ്ക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പളം ഏറ്റവുമൊടുവിൽ പരിഷ്കരിച്ചത് 1.4.'94 ലാണ്. 1.4.'99 മുതൽ പ്രാബല്യം നൽകിയാണ് അടുത്ത ശമ്പള പരിഷ്കരണം നടത്തേണ്ടത്. ഇതിനായി 7.4.'99-ൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുകൂട്ടുകയും പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.5.'99-ലെ ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണവകുപ്പിലെ അഡീഷണൽ സെക്രട്ടറി ചെയർമാനായി 4 പേർ അടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തുകയും സേവന-വേതന വ്യവസ്ഥകളുൾപ്പെടെയുള്ള ശമ്പള പരിഷ്കരണം കാര്യങ്ങളെ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സമിതി ചോദ്യാവലി തയ്യാറാക്കുകയും ചോദ്യാവലിയ്ക്കുള്ള മറുപടി 30.6.'99-ന് അകം സമിതിക്ക് സമർപ്പിക്കുന്നതിന് വിവിധ നഗരസഭകളോടും അംഗീകൃത സംഘടനാ പ്രതിനിധികളോടും ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. 14.7'99-ൽ അംഗീകൃത സംഘടനാ ഭാരവാഹികളുമായി ഒരു ചർച്ച നടത്തുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് മൂന്നു മാസത്തെ സമയപരിധി നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ ശമ്പള പരിഷ്കരണത്തെക്കുറിച്ചും മറ്റ് കാര്യങ്ങളെ സംബന്ധിച്ചും തീരുമാനമെടുക്കുന്നതാണ്. കണ്ടിൻജന്റ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളുൾക്കൊള്ളുന്ന സർവ്വീസ് മാനുവൽ നിലവിലില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്നതായ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സർവീസ് കാര്യങ്ങളിൽ തീരുമാനമുണ്ടാകുന്നത്. ഈ കമ്മിറ്റിയുടെ ശുപാർശ എത്രയും പെട്ടെന്ന് നടപ്പിലാക്കാൻ ഗവണ്മെന്റ് ശ്രമിക്കുന്നതാണ്.

V. ക്രമപ്രശ്നം

സബ്മിഷനുകൾക്ക് മറുപടി പറയേണ്ട ബന്ധപ്പെട്ട മന്ത്രിമാരുടെ അഭാവം

ശ്രീ. ടി.എം. ജേക്കബ് : സർ, സബ്മിഷനുകൾ അങ്ങ് അനുവദിച്ചതാണ് ഈ സഭയിൽ പറയുന്നത്. ഇവിടെയുള്ള കീഴ്വഴക്കമെന്നു പറയുന്നത് മെമ്പർ അവതരിപ്പിക്കുക, മിനിസ്റ്റർ അതിന് മറുപടി പറയുക. മെമ്പർമാർ എഴുതിയ സ്റ്റേറ്റുമെന്റല്ല വായിക്കുന്നത്. അങ്ങ് അതിന് സമയം മെമ്പർമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly